(ബി) ഇതിൽ എത്ര എണ്ണം വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്;

(സി) ഇലക്ട്രോണിക് മീറ്ററുകളും പലതും കേടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ഇലക്ട്രോണിക് മീറ്ററുകളും ഇതിനകം കേടായിട്ടുണ്ട്;

(ഇ) ഇത്തരത്തിൽ കേടായ മീറ്ററുകളും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) മീറ്റർ ചാർജ്ജും ഈടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിംഗിൾ ഫേസ്—32,21,258. ത്രീ ഫേസ്—3,65,500.

(ബി) 24,45,304 എണ്ണം.

(സി) ഉണ്ട്.

(ഡി) 1,48,112 എണ്ണം.

(ഇ) നടപടികളും സ്വീകരിച്ചുവരുന്നു.

(എഫ്) പരിഗണനയിലില്ല.

വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലം ഹോട്ടലുകളും നേരിടുന്ന ബുദ്ധിമുട്ട്

16 [2005] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലം സംസ്ഥാനത്തെ ഹോട്ടലുകളും നേരിടുന്ന ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട വ്യവസായ സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങളും ഇളവുകളും ഹോട്ടൽ രംഗത്തും അനുവദിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(സി) ടൂറിസം പ്രോൽസാഹനത്തിന് സ്റ്റാർ ഹോട്ടലുകൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(ഡി) ടൂറിസം വികസനത്തിന്റെ ഭാഗമായി മുഴുവൻ ഹോട്ടലുകൾക്കും സൗജന്യ നിരക്ക് ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷന്റെ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) താരിഫ് പുനർനിർണ്ണയത്തിനുള്ള അധികാരം ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷനിൽ നിക്ഷിപ്തമാണ്.

(സി) ടൂറിസം പ്രോൽസാഹനത്തിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകൾക്ക് ടൂറിസം വകുപ്പ് വൈദ്യുതി നിരക്കിൽ ഇളവ് നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരമുള്ള സ്റ്റാർ ഹോട്ടലുകൾക്ക് പരമാവധി അഞ്ചു വർഷത്തേക്കാണ് ഇളവ് ലഭിക്കുക. ഉപഭോക്താവ് വാണിജ്യ നിരക്കിൽ വൈദ്യുതി ചാർജ് ബോർഡിൽ അടയ്ക്കുന്നു. വ്യവസായ നിരക്കിനേക്കാൾ അധികമായി ഉപഭോക്താവ് ബോർഡിൽ അടച്ചിട്ടുള്ള തുക ടൂറിസം വകുപ്പ് ഇളവായി ഈ സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയാണ് ചെയ്യാറ്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മിനിമം ഗ്യാരൻറി എഗ്രിമെൻറ് പ്രകാരമുള്ള പ്രവൃത്തികൾ

17 [2006] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2002-നു മുമ്പ് ഒപ്പുവച്ച ഏതൊക്കെ മിനിമം ഗ്യാരൻറി എഗ്രിമെൻറ് പ്രകാരമുള്ള പ്രവൃത്തികളാണ് കാസർഗോഡ് ജില്ലയിലെ ഉദുമ, കുറ്റിക്കോൽ, ചിത്താരി, ചെർക്കള, മുള്ളേരിയ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ ഉള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അവ ഓരോന്നും എപ്പോൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കാമോ;

(സി) ഇവയിൽ മെറ്റീരിയൽസിന്റെ ക്ഷാമം മൂലം പൂർത്തിയാക്കാൻ സാധിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 31-12-2002-ന് മുമ്പ് ഒപ്പുവച്ച മിനിമം ഗ്യാരൻറി എഗ്രിമെൻറ് പ്രകാരമുള്ള പ്രവൃത്തികൾ താഴെപ്പറയും പ്രകാരമാണ്:

നോർമൽ എൽ. ഇ. ജോലികൾ:

ചെർക്കള	..	2
മുള്ളേരിയ	..	6
ഉദുമ	..	ഇല്ല
ചിത്താരി	..	ഇല്ല

അഗ്രികൾച്ചർ എൽ. ഇ. ജോലികൾ:

കുറ്റിക്കോൽ	..	15
മുള്ളേരിയ	..	1
ഉദുമ	..	ഇല്ല
ചിത്താരി	..	ഇല്ല

(ബി, സി) ടി ജോലികൾ RGGVY (രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുത് കരൺ പദ്ധതി) യിൽപ്പെടുത്തി കഴിവതും വേഗം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly